## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6728** **10/07/2014-ൽ മറുപടിക്ക്**

### മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിലെ ക്രമക്കേട്

**ചോദ്യം**

ശ്രീ. കഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ഡി.പി.യിൽ നിന്നും എത്ര കോടി രൂപയുടെ മരുന്ന് വാങ്ങിയിരുന്നു എന്ന് വിശദാംശം ലഭ്യമാക്കുമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ 2013-14 സാമ്പത്തിക വർഷം കെ.എസ്.ഡി.പി.യിൽ നിന്നും 12.42 കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചിട്ടുണ്ട്. |
| (ബി) | മറ്റേതെങ്കിലും പൊതുമേഖലാ മരുന്നു കമ്പനികളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡിൽ നിന്നും 2014-15 സാമ്പത്തിക വർഷം മരുന്നു വാങ്ങുന്നുണ്ട്. ഇതു കൂടാതെ ഹിന്ദുസ്ഥാൻ ഫോട്ടോ ഫിലിംസ് & മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ബംഗാൾ കെമിക്കൽസ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കർണാടക ആന്റി ബയോട്ടിക്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേയ്ക്ക് മുൻ വർഷങ്ങളിൽ മരുന്നു വാങ്ങിയിട്ടുണ്ട്. |
| (സി) | ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തു എന്നും ഉപയോഗം കുറവായിരുന്ന മരുന്നുകൾ വിതരണക്കാരെ തിരികെ എടുപ്പിക്കുന്നതിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വീഴ്ച വരുത്തിയതുമൂലം ഖജനാവിന് 2.91 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നുമുള്ള സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ